# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : **04.12.2024** മുതൽ **08.12.2024** വരെ)

## കാസറഗോഡ് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻനമ്പർ: പിലിക്കോട്/കെ.എസ്.ഡി. - 97/2024 | തീയ്യതി: 03/12/2024 |
|---|---|

### എ.പിന്നിട്ട അഞ്ച് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 137.9 | 28.0 – 33.5 | 20.5 – 25.5 | 55 – 96 | 00 – 01 |

### ബി.വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ളകാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 04-12-2024 | 05-12-2024 | 06-12-2024 | 07-12-2024 | 08-12-2024 |
|---|---|---|---|---|---|
| ശരാശരിമഴ,മി.മീ | 25 | 4 | 1 | 1 | 3 |
| കൂടിയതാപനില, °C | 27 | 27 | 27 | 27 | 27 |
| കുറഞ്ഞതാപനില, °C | 25 | 25 | 25 | 25 | 25 |
| കൂടിയആപേക്ഷികആർദ്രത, % | 98 | 98 | 98 | 98 | 98 |
| കുറഞ്ഞആപേക്ഷികആർദ്രത, % | 81 | 81 | 81 | 81 | 81 |
| കാറ്റിന്റെവേഗത, കി.മീ/മണിക്കൂർ | 2 | 2 | 2 | 2 | 2 |
| കാറ്റിന്റെദിശ, ഡിഗ്രി | 340 | 200 | 230 | 270 | 320 |
| മേഘവിന്യാസം, ഒക്ടാ | 8 | 8 | 8 | 8 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷികനിർദ്ദേശങ്ങൾ |
|---|---|---|---|
| | **ശക്തികുറഞ്ഞ മഴ ****| | |
| **പൊതുനിർദ്ദേശങ്ങൾ** | ഉയർന്ന അന്തരീക്ഷ ആർദ്രത അനുഭവപ്പെടും. ആകാശം പൂർണമായും മേഘാവൃതമായിരിക്കും. പകൽസമയങ്ങളിൽ കൂടിയ ഊഷ്മാവും രാത്രികളിൽ കുറഞ്ഞ താപനിലിയും അനുഭവപ്പെടും.<br>ഡിസംബർ 3 ന് ഒറ്റപ്പെട്ട അതിശക്തമായ മഴ (ഇരുപത്തിനാലു മണിക്കൂറിൽ 64.4 മില്ലിമുതൽ 204.4 മില്ലി വരെ).<br>ഡിസംബർ 4 മുതൽ 7 വരെ ശക്തി കുറഞ്ഞ മഴ (ഇരുപത്തിനാലു മണിക്കൂറിൽ 15.6 മില്ലിമുതൽ 64.4 മില്ലി വരെ). | | |

| | | | |
|---|---|---|---|
| **<u>പൊതുനിർദ്ദേശങ്ങൾ</u>** | കൃഷിയിടങ്ങളിൽ തുടർച്ചയായി വെള്ളം കെട്ടിനിൽക്കാൻ അനുവദിക്കരുത്.<br>പാകമായ വിളകൾ വിളവെടുക്കുകയും, വേഗത്തിൽ സംഭരിക്കാൻ കൊണ്ടുപോകുകയും ചെയ്യുക.<br>വിളവെടുത്ത വിളകൾ വയലിലോ തുറസ്സായ സ്ഥലങ്ങളിലോ കൂമ്പാരമാക്കിയിടരുത്.<br>വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര ഉല്പന്നങ്ങൾ ശ്രദ്ധാപൂർവം വെയിലത്തിട്ടുണക്കുക.<br>മൃദു കാണ്ഡ വിളകളായ വാഴ, പച്ചക്കറികൾ, താങ്ങുകൾ ആവശ്യമുള്ള കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയ്ക്ക് ശക്തമായ താങ്ങുകൾ നൽകുക.<br>വളം, വിത്ത്, കാലിത്തീറ്റകൾ എന്നിവ ഈർപ്പം തട്ടാത്തതും കീടങ്ങൾ ഇല്ലാത്തതുമായ മുറികളിൽ ഉയർത്തികെട്ടി പലക പാകിയ പ്രതലങ്ങളിൽ മേൽ സൂക്ഷിക്കുക.<br>വീണുകിടക്കുന്ന തേങ്ങാ, അടക്ക എന്നിവ നീക്കം ചെയ്യുക. രോഗം വന്നു നശിച്ച മരങ്ങൾ പൂർണമായും മുറിച്ചുമാറ്റി തീയിട്ടു നശിപ്പിക്കണം.<br>കീടനാശിനി പശ ചേർത്തു തളിക്കുക.<br>ഇടിമിന്നലുള്ള സമയങ്ങളിൽ പാടത്തു പണിയെടുക്കരുത്.<br>കന്നുകാലികളെ ബലക്ഷയമുള്ള തൊഴുത്തുകളിൽ പാർപ്പിക്കരുത്. കാറ്റും മഴയും ഉള്ളപ്പോൾ മരത്തണലുകിളിലും ബലക്ഷയമുള്ള കെട്ടിടങ്ങളിലും അഭയം പ്രാപിക്കരുത്. | | |
| തെങ്ങ് | ഈ വർഷം നട്ട തൈകൾ | തടത്തിൽ വെള്ളക്കെട്ട് | മഴ നിന്ന ഉടനെ തടത്തിലെ വെള്ളം വറ്റിച്ചു അരക്കിലോ കുമ്മായമിട്ട് മണ്ണ് ഇളക്കുക.മണ്ട പരിശോധിച്ച് മണ്ണ് വീണിട്ടുണ്ടെങ്കിൽ അവ മാറ്റി ഓലകവിളുകളിൽ 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക |
| വാഴ | വിവിധ ഘട്ടം | തടതുരപ്പൻ വണ്ട്<br> | കൃഷിയിടങ്ങളിൽ ശുചിത്വം പാലിക്കുക. അസുഖം ബാധിച്ച ചെടികൾ തീയിട്ടു നശിപ്പിക്കുക. ബ്യൂവേറിയ ബസിയാന എന്ന മിത്ര കുമിൾ 5 , 6 , 7 മാസങ്ങളിൽ ഒരു ലിറ്ററിന് 20 ഗ്രാം എന്ന തോതിൽ കലക്കി ഒഴിച്ച് കൊടുക്കുക |
| വെള്ളരി വർഗ്ഗ വിള | വളർച്ചാ ഘട്ടം | മൃദുരോമ പൂപ്പൽ രോഗം<br> | വെള്ളരി വർഗ്ഗ വിളകളിൽ മൃദുരോമ പൂപ്പൽ രോഗം പടരാൻ സാധ്യത. മുൻ കരുതലായി മാങ്കോസെബ്ണ് 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കി ഇലകളുടെ ഇരു വശത്തും തളിക്കുക. രോഗം കാണുകയാണെങ്കിൽ അക്കോമിൻ 3 മില്ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന അനുപാതത്തിൽ 15 ദിവസ ഇടവേളകളിൽ മൂന്നു തവണ തളിക്കുക. രോഗബാധിത ഇലകൾ പറിച്ചെടുത്ത് തീയിട്ട് നശിപ്പിക്കുക |
| വെള്ളരി വർഗ്ഗ വിള | കായ പിടിക്കുന്ന ഘട്ടം | കായീച്ച<br> | തോട്ടങ്ങളിൽ ഫിറമോൺ കെണികൾ സ്ഥാപിക്കുക. 2 മില്ലി മാലത്തിയോൺ കീടനാശിനി ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് ഈച്ചകളെ ആകർഷിക്കുന്നതിനായി 10 ഗ്രാം ശർക്കര കൂടി ചേർത്തിളക്കി ഇലകളുടെ അടിവശങ്ങളിൽ തളിക്കുക. |
| തക്കാളി | വളർച്ചാ ഘട്ടം | വാട്ടം<br> | റെഡോമിൽ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക<br>അല്ലെങ്കിൽ<br>അകോമിൻ 2 മില്ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക |

| | | | |
|---|---|---|---|
| വഴുതന | കായ പിടിക്കുന്ന ഘട്ടം | തണ്ടുതുരപ്പൻ<br> | കീടം ആക്രമിച്ച ഭാഗങ്ങൾ നശിപ്പിക്കുക. ക്ലോറാൻട്രെനിലിപ്രോൾ (കൊറാജെൻ) 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. തളിക്കുമ്പോൾ പാടത്തിന്റെ പുറത്തു നിന്നും ഉള്ളിലേക്ക് എന്ന രീതിയിൽ തളിക്കാൻ ശ്രദ്ധിക്കുക. |
| മുളക് | വളർച്ചാ ഘട്ടം | ഇലപ്പുള്ളി രോഗം<br> | മാങ്കോസബ് അല്ലെങ്കിൽ സാഫ് ഒരുലിറ്റർ വെള്ളത്തിൽ രണ്ടു ഗ്രാം വീതം എന്നതോതിൽ കലർത്തി തയ്യാറാക്കി തളിക്കുക |
| ഇഞ്ചി, മഞ്ഞൾ | വിവിധ ഘട്ടം | മൂടുചീയൽ<br> | നീർവാർച്ച സൗകര്യം ഏർപ്പെടുത്തുക. ബോർഡോ മിശ്രിതം 1 % തടത്തിൽ ഒഴിച്ച് കൊടുക്കുക |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷികാലാവസ്ഥസേവപദ്ധതി

| | | | |
|---|---|---|---|
| താക്കീത് (ഉടൻനടപടിയെടുക്കുക) | ജാഗ്രത (തയ്യാറാവുക) | ശ്രദ്ധ (കാതോർക്കുക) | നിസ്സാരം (നടപടികൾആവശ്യമില്ല) |

**മഴ അപായ വർണ്ണ സൂചന (ദുരന്തനിവാരണത്തിനായ്)